LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, മിഷൻ 676 -ൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികൾക്ക് മുൻഗണന കൊടുക്കുന്നുണ്ട്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, ഈ പദ്ധതി വിഭാവനം ചെയ്യുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ജനങ്ങൾക്ക് അവരുടെ പരാതികൾ മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും മുൻപിൽ പറയാനുള്ള അവകാശം നൽകുമെന്നാണ്. രാജസ്ഥാൻ മാതൃകയിൽ വേണമെങ്കിൽ നിയമനിർമ്മാണം വരെ നടത്തുമെന്ന് അദ്ദേഹം പറയുന്നുണ്ട്. അങ്ങനെ ഒരു സാഹചര്യം നിലവിലുണ്ടോ; നിയമനിർമ്മാണം പരിഗണനയിലുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : സർ, രാജസ്ഥാൻ മാതൃകയിലുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതിന് അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാഠപുസ്തകങ്ങളുടെ അച്ചടി

4 (*124) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അച്ചടിശാലകളിൽ ഈ അദ്ധ്യയന വർഷത്തേക്കുള്ള എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാൻ ലഭ്യമായിട്ടുള്ളത് ;

(ബി) പാഠപുസ്തകങ്ങളുടെ അച്ചടിക്കായിട്ടുള്ള ഉത്തരവ് എന്നാണ് നൽകിയതെന്നും അച്ചടിയുടെ പുരോഗതി എന്തെന്നും വ്യക്തമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 2015-16 അദ്ധ്യയനവർഷം 3,73,15,500 പാഠപുസ്തകങ്ങളുടെ അച്ചടി നടത്തുന്നതിനായി 10-2-2015-ൽ കെ.ബി.പി.എസ്.-ന് പ്രിന്റ് ഓർഡർ നൽകിയിരുന്നു. 23,326,800 പുസ്തകങ്ങൾ Vol. I ആയും 1,39,88,700 പുസ്തകങ്ങൾ Vol. II ആയും

അച്ചടിക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. ഇതിൽ 6,038,200 Vol. I പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിനായി കെ.ബി.പി.എസ്., സർക്കാർ പ്രസ്സിന് കൈമാറി നൽകിയിട്ടുണ്ട്. ആയതിൽ 12,07,500 പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സ് അച്ചടിച്ച് നൽകിയിട്ടുണ്ട്. അച്ചടി പൂർത്തീകരിക്കേണ്ട ബാക്കി പാഠപുസ്തകങ്ങൾ അച്ചടിച്ച നൽകുന്നതിനായി കെ.ബി.പി.എസ്.-നെ ഏൽപ്പിച്ചിട്ടുണ്ട്. പ്ലസ്-1-ന് 1,019,509 പുസ്തകങ്ങളും പ്ലസ്-2-ന് 1,284,434 പുസ്തകങ്ങളും ആണ് അച്ചടിക്കാൻ സി-ആപ്റ്റിന് ലഭ്യമായിട്ടുള്ളത്.

(ബി) 1, 3, 5, 7, 9, 10 ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ടെന്റേറ്റീവ് പ്രിന്റ് ഓർഡർ 28-10-2014-ന് കെ.ബി.പി.എസ്.-ന് നൽകിയിരുന്നു. 2, 4, 6, 8 ക്ലാസ്സുകളിലുൾപ്പെടെ എല്ലാ ക്ലാസ്സുകളിലെയും ഫൈനൽ പ്രിന്റ് ഓർഡർ 10-2-2015-ലും കെ.ബി.പി.എസ്.-ന് നൽകിയിരുന്നു. 25-6-2015-ലെ കെ.ബി.പി.എസ്.-ലെ എം.ഡി.-യുടെ റിപ്പോർട്ടുപ്രകാരം 1,77,79,600 Volume I പാഠപുസ്തകത്തിന്റെ അച്ചടി പൂർത്തിയായിട്ടുണ്ട്. ഗവൺമെന്റ് പ്രസ്സിൽ 12,07,500 കോപ്പി Vol. I പാഠപുസ്തകവും അച്ചടിച്ചിട്ടുണ്ട്. ശേഷിക്കുന്ന പാഠപുസ്തകങ്ങളുടെ അച്ചടി ത്വരിതഗതിയിൽ നടന്നുവരുന്നു. ഹയർസെക്കന്ററി പാഠപുസ്തകം അച്ചടിക്കുന്നതിനുള്ള ഉത്തരവ് ഹയർസെക്കന്ററി ഡയക്ടറേറ്റിൽനിന്നും സി-ആപ്റ്റിന് ലഭിച്ചത് 26-2-2015 തീയതിയിലാണ്. പ്ലസ്-2 ക്ലാസ്സിൽ ആദ്യഘട്ടത്തിൽ ആവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം 95 ശതമാനം പൂർത്തിയായിട്ടുണ്ട്. പ്ലസ്-1 ക്ലാസ്സിലെ പാഠപുസ്തകം 75 ശതമാനം വിതരണം പൂർത്തിയായിട്ടുണ്ട്. പ്ലസ്-1 ക്ലാസ്സ് ആരംഭിക്കുന്നതിനുമുമ്പ് അവശേഷിക്കുന്നവ വിതരണം പൂർത്തിയാക്കുന്നതാണ്.

കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച

5 (*125) ശ്രീ. എളമരം കരീം :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ കാർഷികോത്പന്നങ്ങൾക്കാണ് വിലയിടവ് നേരിടുന്നത് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly